**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 651** **06-12-2022 - ൽ മറുപടിയ്ക്ക്**

**കോക്കോണിക്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ എം വിൻസെൻറ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ തനത് ലാപ് ടോപ് സംരംഭമായ കോക്കോണിക്സ് പദ്ധതി പ്രകാരം എത്ര ലാപ് ടോപ്പുകൾ നാളിതുവരെ നിർമ്മിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം വിറ്റഴിഞ്ഞിട്ടുണ്ടെന്നും ലാപ് ടോപ്പിന്റെ വില എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | കോക്കോണിക്സ് പദ്ധതി പ്രകാരം 12636 ലാപ്ടോപ്പുകൾ ഇതുവരെ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ ഓഫീസ് ആവശ്യങ്ങൾക്കുള്ള 50 ഓളം **ലാപ് ടോപ്പുകൾ** ഒഴികെ ബാക്കി ലാപ്ടോപ്പുകൾ എല്ലാം തന്നെ ഓൺലൈൻ വഴിയും നേരിട്ടും വിറ്റു തീർന്നിട്ടുണ്ട്. വിവിധ മോഡലുകളിലായി 14,990/- മുതൽ 85,000/- രൂപ വരെയുള്ള **ലാപ്ടോപ്പുകൾ** കോക്കോണിക്സ് നിർമ്മിച്ച് നേരിട്ടും ഓൺലൈനായും വില്പന നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതൊക്കെ കമ്പനികളുമായാണ് കരാർ ഉണ്ടാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | കോക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ച ലാപ്ടോപ്പുകൾ വിറ്റഴിക്കുന്നതിനായി സ്ഥാപനം മറ്റൊരു കമ്പനിയുമായും ഡീലർഷിപ്പ് / ഡിസ്ട്രിബൂഷൻ കരാർ ഉണ്ടാക്കിയിട്ടില്ല. കോക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ച ലാപ്ടോപ്പുകൾ കമ്പനി നേരിട്ടും ഓൺലൈൻ പോർട്ടലുകൾ ആയ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GEM), ആമസോൺ, ഫ്ലിപ്കാർട്ട്, സ്നാപ്പ് ഡീൽ, ഷോപ്ക്ലൂസ്, പേ ടി എം, ടാറ്റ ക്ലിക്, അപ്പാരിയോ, സി എസ് സി ഇ-ഗ്രാമീൺ, കോക്കോണിക്സിന്റെ സ്വന്തം വെബ്സൈറ്റായ ഇ-കോമേഴ്സ് എന്നിവ വഴിയാണ് വില്പന നടത്തിക്കൊണ്ടിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കമ്പനികളുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ വിശദമാക്കാമോ; | (സി) | കോക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ച ലാപ്ടോപ്പുകൾ വിറ്റഴിക്കുന്നതിനായി സ്ഥാപനം മറ്റൊരു കമ്പനിയുമായും ഡീലർഷിപ്പ് / ഡിസ്ട്രിബൂഷൻ കരാർ ഉണ്ടാക്കിയിട്ടില്ല. കോക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ച ലാപ്ടോപ്പുകൾ കമ്പനി നേരിട്ടും ഓൺലൈൻ പോർട്ടലുകൾ ആയ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GEM), ആമസോൺ, ഫ്ലിപ്കാർട്ട്, സ്നാപ്പ് ഡീൽ, ഷോപ്ക്ലൂസ്, പേ ടി എം, ടാറ്റ ക്ലിക്, അപ്പാരിയോ, |

| | | | |
|---|---|---|---|
| | | | സി എസ് സി ഇ-ഗ്രാമീൺ, കോക്കോണിക്സിന്റെ സ്വന്തം വെബ്സൈറ്റായ ഇ-കോമേഴ്സ് എന്നിവ വഴിയാണ് വില്പന നടത്തിക്കൊണ്ടിരിക്കുന്നത്. |
| (ഡി) | ലാപ് ടോപ്പുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പദ്ധതി പരാജയപ്പെട്ടതിനെ തുടർന്ന് പുതിയ ലാപ് ടോപ് ഇറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കോക്കോണിക്സ് നിർമ്മിച്ച ലാപ്ടോപ്പുകളിൽ ഒരു മോഡൽ ഒഴികെ മറ്റെല്ലാ മോഡലുകളും നല്ല രീതിയിൽ വിറ്റുപോയതും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമാണ്. കമ്പനി നിർമ്മിച്ച ഒരു മോഡലിലെ കുറച്ചു ലാപ്ടോപ്പുകളിൽ കീബോർഡിലെ പവർ സ്വിച്ചുമായി ബന്ധപെട്ട് തകരാർ കണ്ടെത്തിയ ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് പുതിയത് സൗജന്യമായി മാറ്റി നൽകുകയുണ്ടായി.<br><br>കോക്കോണിക്സ് പുനരുദ്ധീകരിച്ച് പുതിയ ലാപ്ടോപ്പുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ